**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1039 — **01.07.2015 -ലെ** മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ

*ചോദ്യം*
ശ്രീ.ബാബു എം. പാലിശ്ശേരി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ നിലവിൽ എത്രയാണെന്നും അവ ഓരോന്നിലും നിലവിലുള്ള ഒഴിവുകൾ എത്ര വീതമാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് സർവ്വകലാശാലകൾ ലഭ്യമാക്കിയ ഏകദേശ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിരുന്നത് എപ്പോഴായിരുന്നു ; | (ബി) | 18.12.2010 ലെ സ.ഉ. (കൈ) 199/10/ഉവിവ, 04.02.2011 ലെ സ.ഉ.(കൈ)നം.11/2011/ഉവിവ എന്നീ ഉത്തരവുകളിലൂടെയാണ് സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.യ്ക്ക് വിടാൻ തീരുമാനിച്ചത്. |
| (സി) | അതിനുശേഷം സർവ്വകലാശാലകൾ നേരിട്ട് നിയമനം നടത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം നിയമനം നടത്തുകയുണ്ടായി ; | (സി) | നിയമന നടപടികൾ നേരത്തെ ആരംഭിച്ചിരുന്ന സർവ്വകലാശാലകൾക്ക് നിലവിലെ നിയമം അനുസരിച്ച് നിയമനം തുടരുന്നതിന് അനുമതി നൽകിയിരുന്നു. |
| (ഡി) | സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സർവ്വകലാശാല | അദ്ധ്യാപക തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം | അനദ്ധ്യാപക തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| കേരള സർവ്വകലാശാല | 291 | 117 | 2371 | 1548 |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 570 | 330 | 1047 | 280 |
| കണ്ണൂർ സർവ്വകലാശാല | 95 | 59 | 381 | 76 |
| മഹാത്മാഗാന്ധി സർവ്വകലാശാല | 128 | 28 | 1747 | 176 |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 220 | 37 | 786 | 17 |
| കോഴിക്കോട് സർവ്വകലാശാല | 239 | 87 | 2003 | 675 |
| തുഞ്ചെത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | 22 | 5 | 9 | --- |

സെക്ഷൻ ഓഫീസർ